**<u>പത്രപ്രസ്താവന</u>**

ഭാരതീയ റിസര്‍വ് ബാങ്ക്
വാര്‍ത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്, മുംബൈ-400001
നവംബര്‍ 06, 2019

**ബാങ്കിങ് റഗുലേഷന്‍ നിയമം (സഹകരണ ബാങ്കുകള്‍ക്ക് ബാധകമായത്), 1949 - വകുപ്പുകള്‍ 35 എ, 56 പ്രകാരം ഭാരതീയ റിസര്‍വ് ബാങ്ക് പുറപ്പെടുവിച്ച ഡയറക്ഷന്‍ - അടൂര്‍ സഹകരണ അര്‍ബന്‍ ബാങ്ക്, അടൂര്‍, കേരളം - കാലാവധി ദീര്‍ഘിപ്പിച്ചിരിക്കുന്നു.**

2018 നവംബര്‍ 2 ന് പുറപ്പെടുവിച്ച ഡയറക്ടീവ് DCBS.CO.PCC D-4/12.26.004/2018-19 പ്രകാരം അടൂര്‍ സഹകരണ അര്‍ബന്‍ ബാങ്കിനെ (അടൂര്‍, കേരളം) 2018 നവംബര്‍ 9ന്റെ ഇടപാടുകള്‍ അവസാനിക്കുന്ന സമയം മുതല്‍ ഭാരതീയ റിസര്‍വ് ബാങ്ക് 6 മാസ കാലയളവിലേക്ക് ഡയറക്ഷനു കീഴില്‍ കൊണ്ടുവന്നിരുന്നു. പിന്നീട് പുറപ്പെടുവിച്ച മെയ് 03, 2019 ലെ ഡയറക്റ്റീവ് പ്രകാരം (DCBR.CO.AID/No.D-43/12.26.004/2018-19) ഡയറക്ഷന്റെ പ്രാബല്യം 2019 നവംബര്‍ 09 വരെ പുനരവലോകനത്തിനു വിധേയമായി ദീര്‍ഘിപ്പിക്കുകയും ചെയ്തിരുന്നു.

ബാങ്കിന്റെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്തതിനു ശേഷം മുകളില്‍ സൂചിപ്പിച്ച ഡയറക്ഷന്റെ കാലാവധി ദീര്‍ഘിപ്പിക്കേണ്ടത് പൊതുജന താല്പര്യാര്‍ത്ഥം ആവശ്യമാണെന്ന് റിസര്‍വ് ബാങ്കിന് ബോധ്യമായിരിക്കുന്നു. 1949ലെ ബാങ്കിംഗ് റഗുലേഷന് നിയമത്തിന്റെ (സഹകരണ സ്ഥാപനങ്ങള്ക്ക് ബാധകമായത്) 35A (1), 56 എന്നീ വകുപ്പുകള്‍ പ്രകാരം റിസര്‍വ് ബാങ്കില്‍ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അടൂര്‍ സഹകരണ അര്‍ബന്‍ ബാങ്കിന് മേല്‍ ഭാരതീയ റിസര്‍വ് ബാങ്ക് 2018 നവംബര്‍ 2 ലെ ഡയറക്റ്റീവ് DCBS.CO.PCC D-4/12.26.004/2018-19 പ്രകാരം പുറപ്പെടുവിച്ചിരുന്ന ഡയറക്ഷന്റെ കാലാവധി പിന്നീട് മെയ് 03, 2019ലെ ഡയറക്ടീവ് പ്രകാരം കാലാവധി 2019 നവംബര്‍ 09 വരെ ദീര്‍ഘിപ്പിക്കുകയും ചെയ്തത് 2019 നവംബര്‍ 05 ലെ ഡയറക്റ്റീവ് DOR.CO.AID/No.D-36/12.26.004/2019-20 പ്രകാരം 6 മാസ കാലയളവായ നവംബര്‍ 10, 2019 മുതല്‍ മെയ് 09, 2020 വരെ പുനരവലോകനത്തിനു വിധേയമായി ഡയറക്ഷന് കീഴില്‍ നിലനിര്‍ത്തുവാന്‍

തീരുമാനിച്ചിരിക്കുന്ന വിവരം പൊതുജനങ്ങളെ അറിയിക്കുന്നു. ഡയറക്ഷനിലെ മറ്റു നിബന്ധനകൾ മാറ്റമില്ലാതെ തുടരുന്നതാണ്

(യോഗേഷ് ദയാൽ)

പത്രപ്രസ്താവന: 2019-2020/1119

ചീഫ് ജനറൽ മാനേജർ